# Mathrubhumi

## 23 August 2018

## Thiruvananthapuram, After Flood, Rebuild Kerala



# പ്രളയാനന്തര പ്രവർത്തനം ; പ്രത്യേക വകുപ്പുണ്ടാകില്ല

### മിഷൻ പരിഗണനയിൽ

### പുനർനിർമാണം പ്രാദേശിക പ്രത്യേകത ഉൾക്കൊണ്ട്

**അനിഷ് ജേക്കബ്**
തിരുവനന്തപുരം

► പ്രളയം തകർത്ത കേരളത്തിന്റെ പുനഃസൃഷ്ടിക്കായി സർക്കാർ രൂപകല്പന തയ്യാറാക്കുന്നു. റോഡ് അടക്കമുള്ള അടിസ്ഥാനസൗകര്യങ്ങളുടെ നഷ്ടത്തിന്റെ പ്രാഥമികകണക്ക് മാത്രമാണ് നിലവിൽ പുറത്തുവന്നിരിക്കുന്ന 20,000 കോടി. മറ്റ് നഷ്ടങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ ഇതിന്റെ പലമടങ്ങായി സംഖ്യ ഉയരും.

ഈ വിവരങ്ങൾ ശേഖരിച്ചാകും രൂപകല്പനയിലേക്ക് കടക്കുക. 'കിഫ്ബി'യാണ് പ്രധാനമായും ഇതിന്റെ ചുമതല വഹിക്കുക.

ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ ഉൾക്കൊണ്ടുള്ള പുനർനിർമാണമാണ് ഉദ്ദേശിക്കുന്നത്. വെള്ളത്താൽ ചുറ്റപ്പെട്ട കുട്ടനാടും മലയോര പ്രദേശങ്ങളായ റാന്നിയും നഗരത്തോടുചേർന്ന് കിടക്കുന്ന ആലുവയുംമറ്റും നിലവിലുണ്ടായിരുന്ന സ്ഥിതിയിൽ പുനഃസൃഷ്ടിക്കാനല്ല ഉദ്ദേശിക്കുന്നത്.

പകരം, ഇതുപോലുള്ള പ്രളയമുണ്ടായാൽ അതിന്റെ കെടുതി ഇത്രയും ബാധിക്കാൻ ഇടനൽകാത്തവിധമുള്ള രൂപകല്പനയാണ് തയ്യാറാക്കുന്നത്. ഭൂകമ്പം, വെള്ളപ്പൊക്കം പോലെയുള്ള ദുരന്തങ്ങൾ അടിക്കടി ഉണ്ടാകുന്ന രാജ്യങ്ങളിൽ അവ പ്രതിരോധിക്കുന്ന നിർമാണരീതികൾ പിന്തുടരുന്നത് പാഠമായെടുക്കും.

പുനർനിർമാണ പ്രവർത്തനത്തിന് പ്രത്യേക വകുപ്പ് വേണ്ടെന്നാണ് തീരുമാനം. പുതിയ വകുപ്പ് രൂപവത്കരിച്ച് പ്രവർത്തനസജ്ജമാകാൻ ആറുമാസമെങ്കിലുമെടുക്കും. പകരം പ്രത്യേക മിഷനാണ് പരിഗണിക്കുന്നത്. മുഖ്യമന്ത്രിക്കുതന്നെയാകും ചുമതല. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ നിർവഹിക്കപ്പെടേണ്ട കാര്യങ്ങളായതിനാൽ പ്രധാന വകുപ്പുകളുടെ മന്ത്രിമാരും ഉന്നതോദ്യോഗസ്ഥരും അടങ്ങുന്ന ഉന്നതാധികാര സമിതിയെ ഇതിന്റെ ഭരണച്ചുമതല ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

പുനർനിർമാണത്തിനാവശ്യമായ പണം കണ്ടെത്താൻ ദീർഘകാല വായ്പയാണ് അഭികാമ്യമെന്ന് സർക്കാർ വിലയിരുത്തുന്നു. സംസ്ഥാന സർക്കാരിന് വായ്പയെടുക്കാനുള്ള പരിധി ഉയർത്തി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ കഴിഞ്ഞദിവസം തീരുമാനിച്ചിരുന്നു.

നിലവിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത മിഷനുകളെയും ലക്ഷ്യമിടുന്ന വികസന പദ്ധതികളെയും ബാധിക്കാത്ത തരത്തിൽ പുതുകേരളസൃഷ്ടിയാണ് വേണ്ടതെന്നാണ് സർക്കാരിന്റെ അഭിപ്രായം.

### സമഗ്ര മാറ്റം

കൂടുതൽ വായിക്കാം 08